LIBRARY ARCHIVES Kerala Legislative Assembly

# V അറിയിപ്പ്

## നിയമസഭാ ചട്ടം താൽക്കാലികമായി റദ്ദ് ചെയ്യൽ

മി. സ്പീക്കർ: സബ്മിഷൻ കഴിഞ്ഞ് ഫിനാൻസ് ബിൽ സബ്ജക്ട് 9.55 A.M.] കമ്മിറ്റിക്ക് അയച്ചതിനുശേഷം അടിയന്തരപ്രമേയം രണ്ട് മണിക്കൂർ ചർച്ച ചെയ്യാവുന്നതാണ്. നിയമസഭാചട്ടം 55 ഇക്കാര്യത്തിനുവേണ്ടി താൽക്കാലികമായി സഭയുടെ അനുമതിയോടെ റദ്ദ് ചെയ്യുന്നു.

# VI സബ്മിഷൻ

## 1. ഐ. റ്റി. പാർക്കും AIIMS-ഉം ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. സുധാകരൻ: സർ, പ്രസിദ്ധമായ പുറക്കാട് പഞ്ചായത്തിലെ 9.55 A.M.] ഗാന്ധിസ്മൃതിവനം പദ്ധതിയിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് ഐ. റ്റി. പാർക്ക് ആരംഭിക്കുന്നതിനായി കഴിഞ്ഞ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 33 ഏക്കർ സ്ഥലം പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രത്യേക സാമ്പത്തിക മേഖലയിൽപ്പെടുന്ന ഈ 8 ഏക്കർ സ്ഥലം ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി ഐ.റ്റി. മന്ദിരം നിർമ്മിക്കുന്നതിന് അനുയോജ്യമാക്കുകയും അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ തറക്കല്ലിടുകയും ചെയ്തിരുന്നു. ഈ പ്രദേശത്ത് ജലം, വൈദ്യുതി എന്നിവ ലഭ്യമാക്കാനുള്ള എല്ലാ നടപടികളും പൂർത്തിയായി വരുമ്പോഴാണ് ബയോഡൈവേഴ്സിറ്റി ബോർഡ് ചില പാരിസ്ഥിതിക പ്രശ്നങ്ങളുന്നയിച്ചത്. അതിന്റെ ഫലമായി ഗവൺമെന്റ് ഐ. റ്റി. പാർക്ക് പുറക്കാട് വില്ലേജിലെ തോട്ടപ്പള്ളിയിലേക്ക് മാറ്റിസ്ഥാപിക്കാൻ ഭരണാനുമതി നൽകുകയുണ്ടായി. എന്നാൽ തോട്ടപ്പള്ളിയിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ബയോ ഡൈവേഴ്സിറ്റി ബോർഡ് ഉന്നയിച്ചിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിച്ച് ഗാന്ധിസ്മൃതിവനം പദ്ധതിയിലുൾപ്പെടുന്ന 100 ഏക്കർ സ്ഥലത്തുതന്നെ ഐ. റ്റി. പാർക്ക് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) സ്ഥാപിക്കാൻ അനുയോജ്യമായ ഭൗതിക സാഹചര്യങ്ങളോടുകൂടിയ സ്ഥലവും ആലപ്പുഴ ജില്ലയിലെ പുറക്കാട് പഞ്ചായത്തിൽ ലഭ്യമാണ്. അതുകൊണ്ട് എയിംസും അവിടെത്തന്നെ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കണമെന്നഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, എല്ലാ സംസ്ഥാനത്തും ആൾ 9.56 A.M.] ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) സ്ഥാപിക്കുന്നതിനുള്ള നയപരമായ തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുത്തതായി കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. അതിന് അവർ ചില മാനദണ്ഡങ്ങൾ വച്ചിട്ടുണ്ട്. അതായത്, 200 ഏക്കർ സ്ഥലത്ത് റോഡ്,

Page 2 of 2

വെള്ളം, വൈദ്യുതി ഇവ മൂന്നും ലഭ്യമാക്കണം. അത് വേറൊരു സ്ഥാപനവുമായി ബന്ധപ്പെട്ടതാകാൻ പറ്റില്ല. അവരുടേതായ ഡിസൈനും പാറ്റേണും പൂർണ്ണമായി പാലിക്കാൻവേണ്ടിയാണിത്. മൂന്നോ നാലോ സ്ഥലങ്ങൾ ആതുസംബന്ധിച്ച് നിർദ്ദേശിക്കാനാണ് പറഞ്ഞിരിക്കുന്നത്. നിരവധി നിർദ്ദേശങ്ങൾ വന്നിട്ടുള്ളതിൽ മൂന്നോ നാലോ സ്ഥലങ്ങൾ നിർദ്ദേശിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ സ്ഥാപനങ്ങൾക്ക് പൂർണ്ണമായ അവകാശത്തോടുകൂടി സ്ഥലം ഗവൺമെന്റിന് കിട്ടുകയെന്നുള്ളതാണ് ബുദ്ധിമുട്ടുള്ള കാര്യം. ഏതായാലും അതുൾപ്പെടെ പരിഗണിക്കുന്ന കൂട്ടത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യവും ആ ലിസ്റ്റിൽപ്പെടുത്തും. കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നും ഇതുപോലുള്ള ആവശ്യങ്ങൾ വന്നിട്ടുണ്ട്. എവിടെ വേണമെന്ന് അവസാനം തീരുമാനിക്കുന്നത് കേന്ദ്ര ഗവൺമെന്റാണെന്നാണ് കത്തിൽ അറിയിച്ചിരിക്കുന്നത്. ഏതായാലും സ്ഥലങ്ങൾ നിർദ്ദേശിക്കുന്ന അവസരത്തിൽ ഇക്കാര്യംകൂടി പരിശോധിക്കും.

## 2. തൊഴിൽ-വിദ്യാഭ്യാസ സംവരണാനുകൂല്യം

ശ്രീ. കെ. മുരളീധരൻ: സർ, കേരളത്തിലെ സാമൂഹ്യചരിത്രത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുകയും നിരവധി പ്രഗത്ഭമതികളെ 9.58.AM] സംഭാവന ചെയ്യുകയും ചെയ്ത ഒരു സാമൂഹ്യ വിഭാഗമാണ് തമിഴ് വേരുള്ള വെള്ളാള സമുദായം. 1964-ലെ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുമുൻപ് പിന്നോക്ക വിഭാഗമായി പരിഗണിക്കപ്പെട്ട് സംവരണത്തിന് അർഹതയുള്ളവരായിരുന്നു വെള്ളാള സമുദായം. എന്നാൽ സാങ്കേതിക കാരണങ്ങളുടെ പേരിൽ അന്ന് നഷ്ടപ്പെട്ട ഉദ്യോഗ-വിദ്യാഭ്യാസ രംഗങ്ങളിലെ സംവരണം വെള്ളാള സമുദായത്തിന് ഇതുവരെയും പുനഃസ്ഥാപിച്ച് കിട്ടിയിട്ടില്ല. ഭാഷയിലും സംസ്കാരത്തിലും തനതായ വ്യക്തിത്വം പുലർത്തുന്ന ഈ സമുദായത്തിലെ ഗണ്യമായ വിഭാഗം ഇന്ന് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലാണ്. അതിനാൽ ഈ സമുദായത്തിന്റെ സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയെപ്പറ്റി വിശദമായ പഠനം നടത്തി അവർക്ക് അർഹമായ സംവരണ-വിദ്യാഭ്യാസാനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് നൽകേണ്ടിയിരിക്കുന്നു. വെള്ളാള സമുദായാംഗവും കേരള രാഷ്ട്രീയ ഭരണരംഗങ്ങളിൽ സമുന്നത വ്യക്തിത്വവുമായിരുന്ന പി. എസ്. നടരാജപിള്ള സ്മാരക ഫൗണ്ടേഷന് സർക്കാർ നേരത്തെ അനുവദിച്ച 5 സെന്റ് സ്ഥലം എത്രയുംവേഗം നിർണ്ണയിച്ച് അലോട്ട് ചെയ്ത് നൽകേണ്ടതാണ്. എന്റെ നിയോജകമണ്ഡലത്തിലെ പേരൂർക്കടയിലാണ് പി. എസ്. നടരാജപിള്ള ജനിച്ചതും താമസിച്ചതും. അദ്ദേഹം തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സമുന്നതനായ നേതാവും തിരു-കൊച്ചി ധനകാര്യമന്ത്രിയും തിരുവനന്തപുരം എം.പി.-യുമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് മഹാനായ ശ്രീ. സുന്ദരനാർ പിള്ളയുടെ പേരിൽ തിരുനെൽവേലിയിൽ മനോന്മണീയം സുന്ദരനാർ എന്ന ഒരു സർവ്വകലാശാല തന്നെയുണ്ട്. എന്നാൽ സ്വന്തം സമ്പത്തും ജീവിതവും നാടിന് സമർപ്പിച്ച ഈ മഹാത്മാക്കൾ ഇന്ന് നമ്മുടെ നാട്ടിൽ വേണ്ടവിധം അറിയപ്പെടുന്നില്ല. പി. എസ്. നടരാജപിള്ളയുടെ പേരിലുള്ള പേരൂർക്കടയിലെ അവഗണിക്കപ്പെട്ട് കിടന്ന ഒരു സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly